"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പരിസ്ഥിതി വകുപ്പ് - കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് - ജീവനകാര്യം - ഡോ. ജിഷ. എസ്, സീനിയർ ക്ലാർക്ക്, തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം (റൂറൽ)-നെ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ ഒഴിവുള്ള പ്രിൻസിപ്പൽ സയന്റിഫിക് ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.49/2024/ENVT തീയതി,തിരുവനന്തപുരം, 04-07-2024

---

പരാമർശം:-

1. 10.05.2013- ലെ 42/2013/ധന നമ്പർ സർക്കുലർ.
2. 28.11.2013 ലെ സ.ഉ.(പി) നം.580/2013/ധന നം. ഉത്തരവ്.
3. ഡോ. ജിഷ. എസ് 10.04.2024-ൽ സമർപ്പിച്ച അപേക്ഷ.
4. ജില്ലാ പോലീസ് മേധാവിയുടെ 22.04.2024 തീയതിയിലെ എ2/22221/2024/റ്റി നമ്പർ നിരാക്ഷേപ പത്രം.
5. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 11.06.2024 തീയതിയിലെ കെ.എസ്.ബി.ബി./61/2024-റ്റിഎ(ഡബ്ല്യ എസ്) നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിൽ നിലവിൽ ഒഴിവുള്ള പ്രിൻസിപ്പൽ സയന്റിഫിക് ഓഫീസർ തസ്തികയിലേയ്ക്ക് തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിൽ സീനിയർ ക്ലാർക്ക് ആയി സേവനം അനുഷ്ഠിച്ചുവരുന്ന ഡോ.ജിഷ.എസ്. പരാമർശം (3) പ്രകാരം അന്യത്ര സേവനാപേക്ഷ സമർപ്പിക്കുകയും, മേൽ അപേക്ഷയിന്മേൽ പരാമർശം (4) പ്രകാരം ജില്ലാ പോലീസ് മേധാവി നിരാക്ഷേപ പത്രം നൽകുകയും ചെയ്തിരുന്നു. ഡോ.ജിഷ.എസ്-നെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കണമെന്ന് പരാമർശം (5) പ്രകാരം കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുമുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിലെ നിലവിൽ ഒഴിവുള്ള പ്രിൻസിപ്പൽ സയന്റിഫിക് ഓഫീസർ തസ്തികയിലേയ്ക്ക് തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിൽ സീനിയർ ക്ലാർക്ക് ആയി സേവനം അനുഷ്ഠിച്ചുവരുന്ന ഡോ. ജിഷ. എസ്-നെ പരാമർശം (1)ലെയും (2)ലെയും അന്യത്ര

സേവന വ്യവസ്ഥകൾ സംബന്ധിച്ച നിബന്ധനകൾക്ക് വിധേയമായി ഒരു വർഷത്തേയ്ക്ക് നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
UNNIKUTTAN S S
അണ്ടർ സെക്രട്ടറി

1. മെമ്പർ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, തിരുവനന്തപുരം.
2. ജില്ലാ പോലീസ് മേധാവി, തിരുവനന്തപുരം.
3. ഡോ. ജിഷ. എസ്, സീനിയർ ക്ലാർക്ക്, ഡിസ്ട്രിക്റ്റ് പോലീസ് ഓഫീസ് തിരുവനന്തപുരം (ജില്ലാ പോലീസ് മേധാവി മുഖേന).
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ & ഇ), കേരള
5. ഡയറക്ടർ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഔദ്യാഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ENVT-A1/121/2024-ENVT).

ഉത്തരവിൻ പ്രകാരം
Signed by
Dhanya Sadasivan
സെക്ഷൻ ഓഫീസർ
Date: 04-07-2024 15:48:36